**DEC : 31**

# സഖാവ് ഷാജു ആന്റണി വിരമിച്ചു

സഖാക്കളെ,

BEFI സംസ്ഥാന പ്രസിഡന്റ് സഖാവ് ഷാജു ആന്റണി ഇന്ന് സർവീസിൽ നിന്ന് വിരമിച്ചു. ഫെഡറൽ ബാങ്കിന്റെ നെടുമ്പാശ്ശേരി ശാഖയിൽ നിന്നാണ് സഖാവ് വിരമിച്ചത്. ഗ്രാമീണ ബാങ്ക് ജീവനക്കാരുടെ അവകാശ സമരപ്പോരാട്ടങ്ങളിൽ എന്നും നമുക്ക് ഉപദേശ നിർദേശങ്ങൾ നൽകി വന്ന സഖാവ് എന്നും നമ്മുടെ മുന്നോട്ടുള്ള പ്രയാണത്തിന് പ്രചോദനമായിരുന്നു. വർഗ ബഹുജന സംഘടനകളുടെയും സാംസ്കാരിക സംഘടനകളുടെയും വേദികളിൽ ആനുകാലിക രാഷ്ട്രീയ വിഷയങ്ങളെ വിശിഷ്യാ സാമ്പത്തിക വിഷയങ്ങളെ അപഗ്രഥിച്ച് നടത്തുന്ന പ്രസംഗങ്ങൾ ഏവരുടെയും പ്രശംസ പിടിച്ചു പറ്റുന്നതായിരുന്നു. സംഘടനാ പ്രവർത്തനത്തിനായി തനിക്ക് അർഹമായ പ്രമോഷൻ പോലും ത്യജിച്ച അദ്ദേഹത്തിന്റെ കൂടെ ജോലിയിൽ പ്രവേശിച്ച പലരും ഇന്ന് ഔദ്യോഗികമായി ഉന്നത സ്ഥാനങ്ങളിലാണ്. അനിവാര്യവും തികച്ചും സാങ്കേതികവുമായ റിട്ടയർമെന്റ് സഖാവിനെ സംബന്ധിച്ചിടത്തോളം തുറന്ന വേദിയിലേക്കുള്ള പ്രവേശനത്തിനാണ് വഴിവെക്കുക. വരും കാല പോരാട്ടത്തിൽ നമ്മുടെ സമരവീഥികളിൽ കൂടുതൽ സമയം ചെലവഴിക്കാനും നമ്മെ മുന്നിൽ നിന്ന് നയിക്കാനും സഖാവ് ഷാജു ആന്റണി നമ്മോടൊപ്പം തന്നെ മുൻപന്തിയിൽ ഉണ്ടാവും എന്ന പ്രതീക്ഷയോടെ അദ്ദേഹത്തിന് അഭിവാദ്യങ്ങൾ അർപ്പിച്ചു കൊണ്ട്

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ